## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3586** **20.06.2018 ൽ മറുപടിയ്ക്ക്**

**ലാബ് ടെക്നീഷ്യൻ ജീവനക്കാരുടെ എണ്ണം**

| | ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | എല്ലാ സർക്കാർ ആശുപത്രികളിലും ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) | എല്ലാ സർക്കാർ ആശുപത്രികളിലും ലബോറട്ടറികൾ പ്രവർത്തിക്കുന്നില്ല. എന്നാൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഒഴികെ സാമൂഹികാരോഗ്യകേന്ദ്രം മുതലുള്ള എല്ലാ ആശുപത്രികളിലും ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ലബോറട്ടറി സജ്ജമാക്കി വരുന്നുണ്ട്. |
| (ബി) | ആകെ എത്ര ലാബ് ടെക്നീഷ്യൻ ജീവനക്കാരാണ് ലാബുകളിൽ ജോലി ചെയ്യുന്നത്; നിലവിൽ ഒഴിവുകൾ ഉണ്ടോ; | (ബി) | കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന സ്ഥിര നിയമനം ലഭിച്ച 1120 ലാബ് ടെക്നീഷ്യൻ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. നിലവിൽ ഈ തസ്തികയിൽ ഒഴിവുകൾ ഉണ്ട്. പ്രസ്തുത ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് മുഖേന നിയമനം നടത്തി വരുന്നു. കൂടാതെ അടിയന്തിര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ആവശ്യമനുസരിച്ച് അനുവദനീയ തസ്തികകൾക്ക് പുറമെ താത് കാലിക നിയമനവും നടത്താറുണ്ട്. |
| (സി) | ഒരു ആശുപത്രി ലാബിൽ എത്ര ജീവനക്കാരാണ് വേണ്ടത്; ഒഴിവുകൾ ഉണ്ടെങ്കിൽ അത് യഥാസമയം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ, വ്യക്തമാക്കുമോ? | (സി) | ഒരു ആശുപത്രി ലാബിൽ എത്ര ജീവനക്കാരാണ് വേണ്ടത് എന്നുള്ളത് ആശുപത്രിയുടെ ഗ്രേഡിനനുസരിച്ചാണ് നിശ്ചയിക്കുന്നത്. പ്രാഥമിക ആരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, താലൂക്ക് ആസ്ഥാന ആശുപത്രി, ജനറൽ ആശുപത്രി തുടങ്ങി ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ വ്യത്യസ്ഥമാണ്. ലാബ് ടെക്നീഷ്യൻ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി – യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ